## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *371** — **13.11.2019-ൽ മറുപടിയ്ക്ക്.**

### ക്ഷീരോല്പാദനവും ക്ഷീര സംഭരണവും പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ**<br>**ശ്രീ.ഡി.കെ. മുരളി**<br>**ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഡയറി സോൺ രൂപീകരണം, ക്ഷീരഗ്രാമം തുടങ്ങി സംസ്ഥാനത്ത് ക്ഷീരോല്പാദനവും ക്ഷീര സംഭരണവും പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്നും അതിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ; | (എ) ഡയറി സോൺ 2016-17, 2017-18 വർഷങ്ങളിലാണ് നടപ്പിലാക്കിയത്. സംസ്ഥാനത്തെ 50 ബ്ലോക്ക് പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്.<br>2016-17 ൽ മൂന്ന് ഗ്രാമപഞ്ചായത്തുകളിലും 2017-18 ൽ അഞ്ച് ഗ്രാമപഞ്ചായത്തുകളിലും 2018-19 ൽ പത്ത് ഗ്രാമപഞ്ചായത്തുകളിലുമാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. 2019-20 വർഷത്തിലും 10 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇവ കൂടാതെ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, ഫാമുകളുടെ യന്ത്രവത്കരണം, അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, ഹീഫർ പാർക്ക്, ക്ഷീരസംഘങ്ങൾക്കുള്ള സഹായം, സമഗ്രഇൻഷ്വറൻസ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു,<br>ക്ഷീരഗ്രാമം, ഡയറി സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിയ പഞ്ചായത്തുകളിലും ബ്ലോക്കുകളിലും പാൽ ഉൽപാദനത്തിൽ വർദ്ധനവ് ഉണ്ടാവുകയും, ഉൽപ്പാദന ക്ഷമത കൂടിയതും ഉയർന്ന ജനിതക ഗുണമുള്ളതുമായ കറവ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ ക്ഷീരവൃത്തിയിൽ ഏർപ്പെട്ടിരുന്ന കർഷകർക്ക് ഈ മേഖലയിൽ കൂടുതൽ ആത്മ വിശ്വാസത്തോടെ പ്രവർത്തിക്കുന്നതിനുള്ള സഹായങ്ങൾ നൽകിയതിന്റെയും ഭാഗമായി നിലവിലുള്ള കർഷകരെ ഈ മേഖലയിൽ പിടിച്ചു നിർത്തുന്നതിനും പുതുതായി കൂടുതൽ പേരെ ക്ഷീരമേഖലയിലേയ്ക്ക് കൊണ്ടു വരുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>ഡയറി സോൺ, ക്ഷീരഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കിയതു വഴി പുതിയതായി 6625 കറവ പശുക്കളെയും, 1622 കിടാരികളെയും കൊണ്ടു വരുന്നതിനും |

204 കാലിതൊഴുത്ത് നിർമ്മിക്കുന്നതിന് /നവീകരിക്കുന്നതിനും സഹായം നൽകുന്നതിനും കൂടാതെ 984 കർഷകർക്ക് ഫാം ആധുനികവത്കരിക്കുന്നതിനും വേണ്ട സഹായം നൽകുന്നതും ഉൾപ്പെടെ ആകെ 17090 കർഷകർക്ക് വിവിധ പദ്ധതികളിലൂടെ സഹായം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഈ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി ക്ഷീരസഹകരണ സംഘങ്ങളിലൂടെയുള്ള പാൽ സംഭരണം 2015-16 ൽ 5.57 ലക്ഷം ടൺ ആയിരുന്നത് 2016-17 ൽ 5.94 ലക്ഷം ടണ്ണും 2017-18 ൽ 6.64 ലക്ഷം ടണ്ണും 2018-19 ൽ 6.8 ലക്ഷം ടണ്ണുമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) കർഷകർക്ക് ഫാമിന്റെ വിപുലീകരണത്തിനും ആധുനികീകരണത്തിനും നൽകി വരുന്ന ധനസഹായങ്ങളെക്കുറിച്ച് അറിയിക്കാമോ;

(ബി) കർഷകർക്ക് ഫാമിന്റെ വിപുലീകരണത്തിനും ആധുനീകരണത്തിനും നൽകുന്ന പ്രധാന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

a) കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട ആദായം ഉറപ്പാക്കുന്നതിന് 5 പശു യൂണിറ്റ്, 5 കിടാരി യൂണിറ്റ്, 10 പശു യൂണിറ്റ്, 10 കിടാരി യൂണിറ്റ് എന്നിവയ്ക്കുള്ള സഹായം.
b) ക്ഷീരകർഷകരുടെ ഫാം പ്രവർത്തനങ്ങൾക്ക് അവശ്യാധിഷ്ഠിത പദ്ധതി പ്രകാരം അവർ ചെലവഴിക്കുന്ന തുകയുടെ 50% നിരക്കിൽ പരമാവധി 50,000/- രൂപ വരെ നൽകുന്നു.
c) കാലിത്തൊഴുത്ത് നവീകരിക്കുന്നതിനും കറവയന്ത്രങ്ങൾ വാങ്ങുന്നതിനും സഹായം.
d) ഉൽപാദന ചെലവ് കുറയ്ക്കുന്നതിന് തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള സഹായം.
e) ഫാമുകൾ ആധുനീകരിക്കുന്നതിനായി ഫാമിലെ യന്ത്രവൽക്കരണത്തിന് വേണ്ട സഹായങ്ങളും നൽകുന്നുണ്ട്.

ചാഫ് കട്ടർ, വീൽ ബാരോ, വാട്ടർ ബൗൾ സിസ്റ്റം, കറവയന്ത്രം, പ്രഷർ വാഷർ, ജനറേറ്റർ, ഫ്ലൈ ട്രാപ്പർ എന്നിവയ്ക്കും കന്നുകാലികൾക്ക് ബാഹ്യസമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഫാം മെക്കനൈസേഷന്റെ ഭാഗമായി സഹായം നൽകുന്നുണ്ട്.

(സി) കടക്കെണിയിലായ ക്ഷീരകർഷകർക്ക് എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ;

(സി) കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിന് സംസ്ഥാനത്ത് ആദ്യമായി 2016-17 ൽ 5 കോടി രൂപയുടെ ക്ഷീരകർഷക കടാശ്വാസ പദ്ധതി നടപ്പിലാക്കി. 2285 കർഷകർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചത്. ഈ പദ്ധതിയുടെ ഭാഗമായി ഒരു പശുവിന് 20000/- രൂപ പ്രകാരം പരമാവധി 1,00,000/- രൂപ വരെയാണ് ധനസഹായം നൽകിയത്. കടക്കെണിയിലായ ക്ഷീരകർഷകർക്ക് നിലവിൽ കടാശ്വാസ പദ്ധതികളില്ല.

| | |
|---|---|
| (ഡി) ക്ഷീരമേഖലയിൽ വിദഗ്ധ പരിശീലനം നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) ക്ഷീരമേഖലയിൽ വിദഗ്ധ പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, ഓച്ചിറ (കൊല്ലം), അമ്മക്കണ്ടക്കര (പത്തനംതിട്ട), കോട്ടയം, ആലത്തൂർ (പാലക്കാട്), കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ ക്ഷീരപരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.<br>ഈ പരിശീലനകേന്ദ്രങ്ങൾ മുഖേന ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട നൂതന സാങ്കേതിക വിദ്യകൾ കർഷകർക്ക് പകർന്നു നൽകുന്നതിനും പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് കൊണ്ടു വരുന്നതിനും പാലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലന ക്ലാസ്സുകൾ തുടർച്ചയായി സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് വലിയതുറയിൽ തീറ്റപ്പുൽകൃഷി സംസ്കരണം എന്നിവയ്ക്കായി പ്രത്യേക പരിശീലനം നൽകുന്നതിന് Fodder Training Centre ഉം പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**